പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ * 661 — 11/07/2014 ൽ മറുപടിയ്ക്ക്

## റീസർവ്വേയുമായി ബന്ധപ്പെട്ട പരാതികൾക്ക് പരിഹാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി. യു. കുരുവിള<br>ശ്രീ. സി. എഫ്. തോമസ് | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റീ സർവ്വേയുമായി ബന്ധപ്പെട്ടുളള പരാതികൾ പരിഹരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) റീസർവ്വേയുമായി ബന്ധപ്പെട്ട പരാതികൾ റീസർവ്വേ നടക്കുന്ന സമയത്താണെങ്കിൽ അതാത് സർവെ ഓഫീസുകൾ മുഖാന്തരം പരിഹരിക്കുന്നതാണ്. റീസർവ്വേയ്ക്ക് ശേഷവും ഫൈനൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിന് മുമ്പും ഉളള പരാതികൾ അപ്പീലായി പരിഗണിച്ച് റീസർവ്വേ സൂപ്രണ്ട് മുഖാന്തിരം പരിഹരിച്ചു വരുന്നു. റവന്യൂ ഭരണത്തിന് കൈമാറിയതിനു ശേഷമുളള പരാതികളിന്മേൽ ബന്ധപ്പെട്ട അഡീഷണൽ തഹസീൽദാർ മുഖാന്തിരം നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) താലൂക്ക് തലങ്ങളിൽ അദാലത്തുകൾ നടത്തിയും വില്ലേജ് തലങ്ങളിൽ പ്രത്യേക ഹിയറിംഗ് നടത്തിയും ഇത്തരം പരാതികൾ പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) താലൂക്ക് തലങ്ങളിൽ അദാലത്തുകൾ നടത്തുന്നതിന്റെ ആദ്യപടിയെന്നോണം പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ പട്ടം വില്ലേജിലും എറണാകുളം ജില്ലയിലെ ആലുവ താലൂക്കിലും റീസർവെ പരാതികൾ പരിഹരിക്കുന്നതിന് തിരുവനന്തപുരം, എറണാകുളം ജില്ലാ കളക്ടർമാരെ 27.05.2014 ന് റവന്യൂ മന്ത്രി നടത്തിയ യോഗത്തിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) ജനസമ്പർക്ക പരിപാടി മാതൃകയിൽ റവന്യു വകുപ്പിലെ പരാതികൾ പരിഹരിക്കുവാൻ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ 14 ജില്ലകളിലും പ്രത്യേക ജനസമ്പർക്ക പരിപാടി നടത്തുമോ? | (സി) ഇക്കാര്യത്തിൽ ജില്ലാ തല അദാലത്തുകൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ